


വനനശീകരണ വിരുദ്ധ സമിതി നടത്തിയ പ്രതിഷേധ പദയാത്ര

# പരിസ്ഥിതി സംരക്ഷണ സന്ദേശ യാത്ര നടത്തി

മാനന്തവാടി • വനം വകുപ്പ് നടത്തുന്ന പരിസ്ഥിതി നശീകരണത്തിനെതിരെ വനനശീകരണ വിരുദ്ധ സമരസമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണ സന്ദേശ യാത്ര നടത്തി. സ്വാഭാവിക മരങ്ങൾ മുറിച്ചു നീക്കി ഏകവിള തോട്ടം നട്ടുപിടിപ്പിക്കുന്നതിനും തിരുനെല്ലി ബ്രഹ്മഗിരിയിലും മക്കിമല മുനീശ്വരൻ കുന്നിലും പുതിയ വിനോദ സഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിനുമെതിരായ ലഘുലേഖയും വിതരണം ചെയ്തു.

പേര്യയിൽ വനം വകുപ്പ് മഹാഗണി നട്ടുപിടിപ്പിച്ച വനഭൂമിയിൽ നിന്നും തിരുനെല്ലി ക്ഷേത്ര സമീപത്തുനിന്നും തുടങ്ങിയ യാത്ര ഡിഎഫ്ഒ ഓഫിസ് പരിസരത്ത് സംഗമിച്ചു. പ്രതിഷേധ യോഗം എൻ. ബാദുഷ ഉദ്ഘാടനം ചെയ്തു.

എം. ഗംഗാധരൻ അധ്യക്ഷത വഹിച്ചു. തോമസ് അമ്പലവയൽ, വെങ്കിടേഷ് കാട്ടിക്കുളം, സാം പി. മാത്യു, കെ.ആർ. പ്രതീഷ്, അജി കൊളോണിയ, കെ.എൻ. രജീഷ്, അഡ്വ. തോമസ്, ടി. ബാബു, ലതീഷ് പ്രഭാകർ എന്നിവർ പ്രസംഗിച്ചു.

# ശരപ്പക്ഷികളെ സംരക്ഷിക്കാൻ കൂട്ടായ്മയൊരുങ്ങുന്നു

**കല്പറ്റ:** ശരപ്പക്ഷികളുടെ സംരക്ഷണം മുൻനിർത്തി വയനാട് പ്രകൃതിസംരക്ഷണസമിതി പ്രത്യേക പ്രചാരണം നടത്തും. ബ്രഹ്മഗിരിയിലെ പക്ഷിപാതാളത്തിൽ ശരപ്പക്ഷികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യത്തിലാണിതെന്ന് സമിതി പ്രസിഡന്റ് എൻ. ബാദുഷയും സെക്രട്ടറി തോമസ് അമ്പലവയലും പറഞ്ഞു. ശരപ്പക്ഷികളുടെ അവശേഷിക്കുന്ന താവളമായ ബ്രഹ്മഗിരിയിൽ ഇവയുടെ ആവാസത്തിന് ദോഷകരമാകുംവിധം വനംവകുപ്പ് വിനോദസഞ്ചാരപദ്ധതി തുടങ്ങിയതിനെക്കുറിച്ച് മാതൃഭൂമി വാർത്ത നൽകിയിരുന്നു.

**അതിപരിസ്ഥിതി മേഖലയായ ബ്രഹ്മഗിരിയിൽ വനംവകുപ്പിന്റെ വിനോദസഞ്ചാര പദ്ധതി**





ശരപ്പക്ഷി

വയനാട്ടിൽ പക്ഷിപാതാളത്തിലും ചെമ്പ്രമലയുടെ ചരിവുകളിലുമാണ് ശരപ്പക്ഷികളുടെ സാന്നിധ്യം. കറുപ്പുകലർന്ന തവിട്ടു നിറവും 10–12 സെന്റീമീറ്റർ നീളവും 15–18 ഗ്രാം തൂക്കവുമുള്ള കുഞ്ഞൻ പക്ഷികളാണിവ. കൂട്ടമായി ജീവിക്കുന്ന ശരപ്പക്ഷികൾ മലഞ്ചെരിവുകളിൽ ഗുഹകളിലെ അറകളിലാണ് കൂടുകൂട്ടുന്നത്. ഉമിനീർ ഖരരൂപത്തിലാക്കിയാണ് കൂട് നിർമാണം. പോഷകസമൃദ്ധമായ ഭക്ഷ്യവസ്തുവെന്നാണ് ശരപ്പക്ഷികളുടെ കൂടിനു ഖ്യാതി. ഇതിനു വിദേശങ്ങളിലടക്കം രഹസ്യവിപണികളിൽ തീവിലയാണ്. സൂപ്പ് നിർമാണത്തിനാണ് കൂട് പ്രധാനമായും ഉപയോഗിക്കുന്നത്.

ഇതാണ് ചൈനയിൽ ഈയിനം പക്ഷികളുടെ നാശത്തിനിടയാക്കിയത്. ആൻഡമാനിൽ ശരപ്പക്ഷികൾ വംശനാശത്തിന്റെ വക്കോളം എത്തിയപ്പോൾ ഭരണതലത്തിൽ നടത്തിയ ഇടപെടലാണ് അവ കുറ്റിയറ്റുപോകുന്നതിനു തടയിട്ടത്.

അന്തരീക്ഷത്തിലെ സൂക്ഷ്മജീവികളാണ് ശരപ്പക്ഷികളുടെ മുഖ്യ ആഹാരമെന്ന് പക്ഷിശാസ്ത്രജ്ഞൻ സി.കെ. വിഷ്ണുദാസ് പറഞ്ഞു. ഇതാണ് പരിസ്ഥിതി സന്തുലനത്തിൽ ശരപ്പക്ഷികൾക്ക് പ്രാധാന്യം നൽകുന്നതും.

## സംരക്ഷണം അട്ടിമറിക്കുന്നത് വനംവകുപ്പ്

**കല്പറ്റ:** അതീവസംരക്ഷണം അർഹിക്കുന്ന ജീവികളിൽപെടുന്നതാണ് ശരപ്പക്ഷി. എന്നാൽ ഇത് അട്ടിമറിച്ച് ബ്രഹ്മഗിരിയിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നത് വനംവകുപ്പുതന്നെ.

ഇവയുടെ സംരക്ഷണം മുൻനിർത്തി 2014-ൽ വടക്കേവയനാട് ഡി.എഫ്.ഒ. ആയിരുന്ന എ. ഷാനവാസ് പക്ഷിപാതാളത്തിലേക്കുള്ള ട്രെക്കിങ് വിലക്കിയിരുന്നു. ഇന്ത്യയിൽ ശരപ്പക്ഷികളെ വനം-വന്യജീവി സംരക്ഷണനിയമത്തിലെ പട്ടിക ഒന്നിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുഖ്യമായും കർണാടകയിൽനിന്നുള്ള വേട്ടസംഘങ്ങളാണ് പക്ഷിപാതാളത്തിലെത്തി കൂടുകൾ കടത്തിയിരുന്നത്. ഏതാനും വർഷങ്ങൾ മുൻപ് പക്ഷിപാതാളത്തിൽ നടത്തിയ സന്ദർശനത്തിൽ ശരപ്പക്ഷികളുടെ ഏതാനും കൂടുകൾ മാത്രമാണ് കാണാനായതെന്ന് പക്ഷിനിരീക്ഷകർ പറയുന്നു.

# വനംവകുപ്പിൻെറ വനനശീകരണം: ഉപവാസവും ഒപ്പുശേഖരണവും നടത്തി

**മാനന്തവാടി:** നോർത്ത് വയനാട് വനംഡിവിഷനിൽ വനം വകുപ്പ് നടത്തുന്ന വനനശീകരണ പ്രവർത്തനങ്ങളിൽ പ്രതിഷേധിച്ച് വിവിധ പരിസ്ഥിതിസംഘടനകളുടെ നേതൃത്വത്തിൽ ഗാന്ധിപാർക്കിൽ ഉപവാസസമരം നടത്തി.

ബ്രഹ്മഗിരി, മുനീശ്വരൻകുന്ന് എന്നിവിടങ്ങളിലെ കോട്ടേജുകൾ പൊളിച്ചുമാറ്റുക, പേര്യ റെയ്ഞ്ചിൽ മഹാഗണി തോട്ടം നിർമിക്കുന്നത് അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ഉപവാസസമരം നടത്തിയത്.



വനനശീകരണ പ്രവർത്തനങ്ങൾക്കെതിരെ പരിസ്ഥിതിസംഘടനകൾ ഗാന്ധിപാർക്കിൽനടത്തിയ ഉപവാസം

ഒൻപതുമണിക്ക് തുടങ്ങിയ ഉപവാസം അഞ്ചുമണിവരെ നീണ്ടു. വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകൻ ബാബു മൈലമ്പാടി ഉദ്ഘാടനം ചെയ്തു. വനനശീകരണവിരുദ്ധ സമിതി കൺവീനർ എം. ഗംഗാധരൻ അധ്യക്ഷത വഹിച്ചു. തോമസ് അമ്പലവയൽ, സണ്ണി പടിഞ്ഞാറത്തറ, ധർമരാജ്, അജി കൊളോണിയ, ലതീഷ് പ്രഭാകർ, മനോജ്, രജീഷ് തുടങ്ങിയവർ സംസാരിച്ചു. എൻ. ബാദുഷ, സണ്ണി പുല്ലള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

ഉപവാസ സമരത്തിൻെറ ഭാഗമായി അജി കൊളോണിയയുടെ ഫോട്ടോ പ്രദർശനവും ഒപ്പുശേഖരണവും നടത്തി.

വടക്കേവയനാട് വനംഡിവിഷനിലെ പരിസ്ഥിതിലോല പ്രദേശങ്ങളായ ബ്രഹ്മിരിയിലും മുനീശ്വരൻകുന്നിലും ടൂറിസംവികസനത്തിൻെറ മറവിൽ റോഡും കെട്ടിടങ്ങളും കോട്ടേജുകളും നിർമിക്കുന്നത് വയനാടിന് ഭാവിയിൽ തിരിച്ചടിയാവുമെന്ന് പരിസ്ഥിതിപ്രവർത്തകർ പറഞ്ഞു.

ബ്രഹ്മഗിരിയിലെ വനംവകുപ്പിൻെറ നിർമാണത്തെക്കുറിച്ച് മാതൃഭൂമിയാണ് റിപ്പോർട്ടുചെയ്തത്. പേര്യയിൽ 220 ഏക്കർ വനം മഹാഗണി ഏകവിളത്തോട്ടമാക്കാനുള്ള നീക്കമാണ് നടക്കുന്നത്. ഇതിനെതിരെ പരിസ്ഥിതിസംഘടനകൾ സംസ്ഥാന വനം-വന്യജീവി വകപ്പ് മേധാവികൾക്ക് നിവേദനം നൽകിയിരുന്നു. ഇതു ഫലംചെയ്യാത്ത സാഹചര്യത്തിലാണ് വനനശീകരണവിരുദ്ധ സമിതിയും വയനാട് പ്രകൃതി സംരക്ഷണസമിതിയും ചേർന്ന് ഉപവാസംനടത്തിയത്.

വീണ്ടുവിചാരമില്ലാതെ നടപ്പാക്കുന്ന പദ്ധതികൾ പ്രകൃതിക്ക് ഏല്പിക്കുന്ന ആഘാതങ്ങൾ, മനുഷ്യ-മൃഗ സംഘർഷത്തിൻെറ രൂക്ഷത എന്നിവ വ്യക്തമാക്കുന്നതാണ് പ്രദർശനത്തിനുവെച്ച ചിത്രങ്ങൾ. തുടർന്നുള്ള ദിവസങ്ങളിൽ തലപ്പുഴ, പേര്യ, തിരുനെല്ലി, കാട്ടിക്കുളം, ബത്തേരി, കല്പറ്റ എന്നിവിടങ്ങളിലും ഫോട്ടോ പ്രദർശനം നടത്തുമെന്ന് സംഘാടകർ പറഞ്ഞു. വനനശീകരണത്തിനെതിരെ ഇവിടങ്ങളിൽ ഒപ്പുശേഖരണവും നടത്തും.

Timings

| | | |
|---|---|---|
| | SET | 18:54 |
| | SET | 22:49 |
| LY 18 | | |
| 2 | SET | 18:54 |
| 10 | SET | 23:35 |
| ULY 19 | | |
| 6:12 | SET | 18:54 |
| 2:02 | SET | 00:00 |

| ode Weather | max | min |
|---|---|---|
| ur | 29 | 21 |
| kad | 26 | 22 |
| ur | 30 | 23 |

**ikode Today**
C Frequent spells of rain expected. A cloudy sky is pected with a pleasant and mp afternoon.

**ozhikode Tomorrow**
8°C Heavy showers are expected. A cloudy sky is expected to persist with a clammy afternoon.

© Copyright Skymet Weather 2018
All rights reserved.

## IN BRIEF

### Youth killed as motorbike, auto collide

KASARAGOD

A youth was killed in a collision involving a motorbike and autorickshaw at Adoor, some 35 km east of Kasaragod, on Monday. The accident occurred around 8.30 a.m. as Madhusoodanan, 34, a construction worker, riding on his motorbike to his workplace at Kottiyadi, collided with the three-wheeler, killing him on the spot, the police said. The youth is survived by his wife and a daughter.

### Body of boy recovered

KALPETTA

The body of Ajmal,7, who had gone missing after falling into a rivulet at Muppathettil, near Varayal, in the district was recovered on Monday. Son of Ayub of Thayullathil at Periya Muppathettu, near Varayal, he went missing on Friday morning while was returning home. His body was found in a joint search led by Fire and Rescue Services personnel and local residents.

# Planting of monocrop resented

## Greens object move to plant Malabar neem on 25 ha of Wayanad forestland

E.M. MANOJ
KALPETTA

A strong protest is brewing among environmentalists in the district against the alleged move of the Forest and Wildlife Department to replant monocrop on a piece of forestland at Pothumoola under the North Wayanad forest division in the district.

The department has prepared nearly 25 hectares of reserve forestland at Pothumoola, in the Begur forest range, for replanting 'mala vep' or Malabar neem (*Melia dubia*) saplings as monocrop after felling eucalyptus trees in the forestland, N. Badusha, president, Wayanad Prakruthi Samrakshana Samiti, has alleged.

Land was being levelled using earth movers for planting nearly 30,000 saplings of Malabar neem after burning undergrowths, Mr. Badusha said. The move would adversely affect the district's biodiversity, he said. Monoculture plantation would increase man-animal conflict further.

It would worsen water scarcity and speed up desertification, a phenomena that had already begun in villages in the district on the border with Karnataka, M. Gangadharan, vice president of the organisation, said.

The total forest area of the district is 1,100 sq km, of which nearly 350 sq km had been planted with monocrops such as teak and eucalyptus after clearing the natural forest. Teak had been planted on 50,000 hectares of forestland as monoculture in the State, of which 30,000 hectares was in Wayanad, he said.

The unique climate and biodiversity of the land had changed drastically after the planting of monocrops in the forest. It had also increased man-animal conflict in the past two decades.

Hence the department should refrain from such attempts and strive to create natural forests, Mr. Gangadharan said.



Forestland being levelled using an earth mover to raise a monocrop plantation at Pothumoola under the Begur forest division in Wayanad district.

**Warns of agitations**

If the department continued to raise monocrop plantations, the organisation would launch a series of agitations against the move with the support of the public, he warned.

# Student drowns in waterbody

STAFF REPORTER
KASARAGOD

A 14-year-old boy drowned in a swollen waterbody at Ayitti, near Thrikkarippur, here on Monday. The police said T.P. Muhammed Susharaff, a Class 9 student of Government Higher Secondary School, Pilicode, drowned in the waterbody formed due to illegal sand-mining, around 5 p.m. when he entered the waters along with his friends while on a visit to the residence of a relative. Muhammed Susharaff is the son of K.N.P. Musthaffa. Local people rushed him to a hospital at Payyanur where was declared 'brought dead.'

## *Feast for jumbos*



Preparations under way for the anayoottu ceremony at the Vadakkunnathan temple in Thrissur on Monday. • K.K. NAJEEB

# Hartal observed

STAFF REPORTER
KOZHIKODE

The All Kerala Private Bankers' Association on Monday observed a hartal by closing down around 230 offices in Kozhikode district, condemning the murder of financier Saji Kuruvila. Around 10,000 private banking firms in other parts of State also protested by observing Black Day in their respective areas.

THE HINDU
DISCLAIMER: Readers are requested to verify and make appropriate enquiries to satisfy themselves about the veracity of an advertisement before responding to any published in this newspaper. THG PUBLISHING PVT. LTD., the Publisher & Owner of this newspaper, does not vouch for the authenticity of any advertisement or advertiser or for any of the advertiser's products and/or services. In no event can the Owner, Publisher, Printer, Editor, Director/s, Employees of this newspaper/company be held responsible/liable in any manner whatsoever for any claims and/or damages for advertisements in this newspaper.



# അടിയർ അഥവാ റാവുള

അജയൻ

വേടനാടിൻെറ ഈ താള് ആദിവാസി വിഭാഗങ്ങളെ കുറിച്ചുള്ള പരിചയപ്പെടുത്തലുകളിൽ നിന്നാണ് തുടങ്ങുന്നത്. ആദിവാസി ജനതയുടെ ചരിത്രത്തെ അൽപം പോലും മനസിലാക്കാതെയുള്ള വർത്തമാന കാലത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ അർഥമില്ല. അതുകൊണ്ടുതന്നെ നമ്മുടെ വയനാട്ടിലെ വിവിധ ആദിവസി വിഭാഗങ്ങളെക്കുറിച്ച് ആദ്യം നമ്മുക്ക് ചിലത് മനസ്സിലാക്കാം. ചരിത്രത്തിൽ ഇടംകിട്ടാതെ പോയവരുടെ ചരിത്രം നമുക്ക് വായിച്ചുതുടങ്ങാം. ആദ്യമായി പരിചയപ്പെടുത്തുവാൻ പോകുന്നത് അടിയ അഥവാ റാവുള സമുദായത്തെ കുറിച്ചാണ്.

അടിയർ അഥവാ റാവുള

അടിയരുടെ ചരിത്രം പാക്കത്തുക്കോട്ടയിൽ നിന്നും ആരംഭിക്കുന്നതാണ്. പൂർവ്വികരായ അച്ചരനും ഇത്തിയുമായ മേലോരച്ചരനും കിയോർത്തിയിൽ നിന്നും ഉണ്ടായതെന്നും പറയപ്പെടുന്നു. എല്ലാ ആദിവാസി ചരിത്രങ്ങളും മിത്തുകളിൽ നിന്നും ആവിർഭവിക്കുന്നതാണ്. അടിയരെ കുറിച്ച് പറയുമ്പോൾ അവർ വസിച്ചിരുന്ന ചില പ്രദേശങ്ങളിൽ നിന്നും തുടങ്ങാം. ജലസ്രോതസ്സുകളാലും വനങ്ങളാലും ചുറ്റപ്പെട്ട ഭൂപ്രദേശങ്ങളിലാണ് ഇവർ വസിച്ചിരുന്നത്. കേരളം, കർണാടക എന്നീ സംസ്ഥാനങ്ങളിൽ ഈ വിഭാഗക്കാരുണ്ട്. കർണ്ണാടകയിലെ മൈസൂർ ജില്ലയിൽ എച്ച്ഡി കോട്ടെ താലൂക്കിൽ ഉദ്മൂറ്, എൻബേഗൂർ, മച്ചൂർ, ബൈരക്കുപ്പ, ബാവലി, കൂർഗ് ജില്ലയിലെ ശ്രീമംഗലം, പന്ന്യം, കുട്ടം എന്നീ പ്രദേശങ്ങളിലും കേരളത്തിലെ വയനാട്ടിലും മാത്രമാണ് അടിയ സമുദായം അധിവസിക്കുന്നത്. വയനാട്ടിലെ മാനന്തവാടി താലൂക്കിലും ബത്തേരി താലൂക്കിലെ ചേകാടി പ്രദേശത്തുമാണ് കൂടുതലും. ജില്ലയിലെ അടിയ വിഭാഗത്തിൻെറ 75.44 ശതമാനവും മാനന്തവാടി താലൂക്കിലാണ്. 1953 കുടുംബങ്ങളിലായി 11196 അടിയ ജനസംഖ്യയുണ്ട്.



അടിയനെന്നാൽ അടിമയെന്നർത്ഥം. അടിമകളെപ്പോലെ പണിയെടുത്ത പണിയാളുകളായിരുന്നതിനാലാണ് അടിയരെന്ന പേരുണ്ടായത്. ചരിത്ര രേഖകളിലും സർക്കാർ രേഖകളിലും ഈ ജനവിഭാഗത്തെ അടിയരെന്നു വിശേഷിപ്പിക്കുമ്പോൾ ഇവർ പറയും ഞങ്ങൾ അടിമകളായ അടിയന്മാരല്ല, ഞങ്ങൾ 'റാവുളർ' എന്ന്. റാവളരെന്നാൽ 'ദൈവ'ത്തിൻെറ മക്കൾ എന്നർത്ഥം. ഇവർ റാവുളർ എന്നു തന്നെയാണ് പരസ്പരം വിശേഷിപ്പിക്കുന്നതും. കർണാകയിൽ ഇപ്പോഴും 'റാവുളർ'ത്താൻ എന്നു തന്നെയാണ് അറിയപ്പെടുന്നത്. പഷെ, ഇവിടെയോ അടിയരായി തുടരുന്നു. സ്വന്തമായി ഭാഷയും വേഷവും സംസ്കാരവും സമുദായ നാമവുമുള്ള ഈ റാവുള ജനതയെ അടിയരെന്നു വിളിപ്പേരിട്ട് മുദ്രകുത്തി. ചരിത്രം ആവർത്തിച്ചു വിളിച്ചുകൊണ്ടേയിരുന്നു -അടിമകളെന്ന്.

ഇത്തരം ചരിത്രങ്ങളെ മാറ്റിക്കുറിക്കപ്പെടേിയിരിക്കുന്നു. അത്തരമൊരു തിരുത്തൽ തന്നെയാണ് വേടനാട്ടിലൂടെ ശ്രമിക്കുന്നതും. അടിച്ചമർത്തപ്പെട്ടവർ എന്നും അടിമകളായി അടിവരയിട്ടു വിളിക്കുന്ന അടിയാന്മാരായി മാത്രം മാറുമ്പോൾ, യാഥാർഥ്യത്തെ മറച്ചുവെച്ചുക്കൊണ്ടുള്ള ചരിത്ര അഖ്യാനമല്ല ചരിത്ര രേഖകളിൽ കുത്തിക്കുറിച്ചുവെക്കേണ്ടത്. സത്യം സത്യമായി തന്നെ കുറിക്കപ്പെടണം. അല്ലെങ്കിൽ ചരിത്രമനേഷിക്കുന്ന വരുംതലമുറയോടു നാം ചെയ്യുന്ന മഹാ പാതകമായിരിക്കും.

ആദിവാസികളെ സ്വന്തം ഭാഷയിലും സംസ്കാരത്തിലും സമുദായത്തിലും അഭിമാനിക്കാനുള്ള അവസരം കൊടുക്കാത്ത അവരെ മുഖ്യധാര ജാതി മതങ്ങളിൽ കൂട്ടിക്കുഴയ്ക്കുന്നത് ശരിയല്ല. ഓരോ ദേശത്തിനേയും 'മൻറ്' എന്നാണ് പറയുക. കോളനികളെ 'കുൻറ്' എന്നും ഉദാഹരണത്തിന് തിരുനെല്ലി പ്രദേശത്തെ 'തിരുനെല്ലിമൻറ്' എന്നും കുപ്പത്തോട് പ്രദേശത്തെ മറ്റൊരു മൻറായും കണക്കാക്കുന്നു. റാുളരുടെ ഗോത്രത്തെ സംരക്ഷിക്കുന്നതിനും ഭരണ സംവിധാനത്തിനായി അഞ്ച് നാടായി തിരിച്ചു.

* അഞ്ചൂർനാട്
* പാക്കനാട്
* ഇളേരുനാട്
* അകനാട്
* പുറനാട്ട്

ഇങ്ങനെ മൻറ്, കുൻറ്, നാട് എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ അധികാരം മൂപ്പന്മാർക്കായിരുന്നു. മൻറ്, കുൻറ്, നാട് ഇതിനു പ്രത്യേകം ആചാരം, കലകൾ, മരുന്ന്, മന്ത്രങ്ങൾ ഇവയെല്ലാം അറിയുന്നവർ മാത്രമേ മൂപ്പന്മാരായി അംഗീകരിക്കപ്പെടുകയുള്ളൂ. ഓരോ നാടിനും നാടുമൂപ്പൻ, മൻറത്തിനു മൻറക്കാരൻ കുൻറിന് കുൻറുകാരൻ എന്നിങ്ങനെ മൂപ്പന്മാർക്ക് പേരുകളുണ്ട്. അതതു പ്രദേശങ്ങളിലെ ജനനം മുതൽ മരണം വരെയുള്ള ചടങ്ങുകൾക്ക് നേതൃത്വം വഹിക്കുന്നതും കാര്യങ്ങൾ തീരുമാനിക്കുന്നതും ഈ മൂപ്പന്മാരായിരിക്കും. പക്ഷെ പാക്കം നാടിനെ മൂപ്പന് അഞ്ചൂർനാടിലെ കാര്യങ്ങൾക്ക് തീരുമാനമെടുക്കാൻ കഴിയില്ല. അഞ്ചൂർനാടിലെ മൂപ്പൻെറ അഭാവത്തിൽ ചിലപ്പോൾ അധികാരം ഉായിരിക്കും. അതുപോലെ കുൻറിലെ അധികാരം കുൻറുമൂപ്പനായിരിക്കും. മൂപ്പനറിയാതെ കുൻറിൽ യാതൊരു കാര്യവും നടക്കുകയില്ല.



ഇങ്ങനെ ചിട്ടയായ നിയമ വ്യവസ്തിയിലൂടെയും ഭരണ സംവിധാനത്തിൻെറയും കീഴിൽ സമാധാനത്തോടെയും ജീവിച്ചു വന്നവരാണ് ഈ റാവുള ജനത കടന്നുകയറ്റിൽ ആദിവാസി നിയമ ഭരണ സമ്പ്രദായങ്ങൾക്കും കൂട്ടായ്മകൾക്കും തുടർച്ചയും ഭിന്നതയുമ വലിയ തോതിൽ മാറ്റങ്ങളുണ്ടാക്കി. എന്നാൽ കാലങ്ങവളായി ഇവരുടെ ഭൂമിയിലും വിഭങ്ങളിൻമേലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കൈയ്യേറ്റങ്ങൾ ആദിവാസി നിയമഭരണസംവിധാനത്തേയും കൂട്ടായ്മകളേയും തകർക്കുന്നതായി കാണാൻ കഴിഞ്ഞാൽ സ്വന്തമായി ഭാഷയുള്ളവരാണിവർ. കന്നടയിലെ ചില പദങ്ങൾ റാവുള ഭാഷയിലുണ്ട്. അതുപോലെ തമിഴിലും ഗോത്രഭാഷയായ പണിയ ഭാഷ്. ഇത്തരം പദങ്ങളിൽ സാമ്യതകളുണ്ടെങ്കിലും ഭാഷ തനതു ഭാഷ തന്നെയും അടിയഭാഷയുമായി പദങ്ങൾ പങ്കിടുന്നു സ്വന്തം ഗോത്രങ്ങളിലും റാവുള ആളുകളോടും റാവുളവർ സ്വന്തം ഭാഷ തന്നെ സംസാരിക്കുന്നു. മുതിർന്നവരും കുട്ടികളുമടക്കം എല്ലാവരും ഇതേ ഭാഷ തന്നെയാണ് ആശയ വിനിയമത്തിന് ഉപയോഗിക്കാറ്. റാവുള ഭാഷ റാവുളരുടെ മാതൃഭാഷ തന്നെയാണ്. മലയാളം അവരുടെ മാതൃഭാഷയല്ല. ലിപിയില്ലാത്തതും ഇന്ത്യൻ ഭാഷ ലിസ്റ്റിൽ ഉൾപ്പെടാത്തതും പുതുതലമുറയിൽപ്പെട്ടവർ പൊതുസമൂഹത്തിൻെറ ഭാഷാസംസ്കാരത്തിലേക്ക് പോകുന്നതും ഈ റാവുള ഭാഷയുടെ പരിമിതിയാണ്.

വേഷ വിധാനത്തിൽ സ്ത്രീകളുടെ വേഷത്തിനാണ് പ്രത്യേകതയുള്ളത്. സാരിയോ, തുണിയോ ഒരു പ്രത്യേക രീതിയിൽ ഒറ്റക്കെട്ട് കെട്ടുന്നതാണ്-ഇതിനെ 'ചിന്തക്കെട്ട്' എന്ന് പറയുന്നു. വേഷധാരികളായി ഇപ്പോൾ പഴമക്കാരും പ്രായമായവരും മാത്രമാണ് കാണപ്പെടുന്നത്. പുതു തലമുറക്കാരെല്ലാം പുതിയ വസ്ത്ര സങ്കൽപ്പങ്ങളിലേക്ക് മാറുകയും ചെയ്തു.

# വിത്തും ഹൈക്കോർട്ടും

പ്രജീഷ് പരമേശ്വരൻ



വിത്തും ഹൈക്കോർട്ടും

കാർഷിക ജനിതക വൈവിധ്യത്തിൻെറ സുസ്ഥിരവും നീതിപൂർവ്വകവുമായ ഉപയോഗത്തിനും സംരക്ഷണത്തിനും വേണ്ടി ഇന്ന് നിലവിലുള്ള ഉടമ്പടികളുടേയും നിയമങ്ങളുടേയും ഒരു അവലോകനം 'വിത്തും ഹൈക്കോർട്ടും' എന്ന തലക്കെട്ട് വിത്തിൻെറ ഉപയോഗ, സംരക്ഷണ കാര്യങ്ങളിൽ ഉന്നത പീഠങ്ങൾക്കുള്ള പങ്കിനെക്കുറിക്കുന്നു.

സസ്യ ജനിവതക വിഭവങ്ങളുടെ ഉപയോഗവും സംരക്ഷണവും അതിൻമേലുള്ള ബൗദ്ധിക സ്വത്തവകാശങ്ങളും നിയന്ത്രിക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ പ്രധാനമായും നാല് ഉടമ്പടികളാണുള്ളത്. അവയിൽ ജൈവ വൈവിധ്യ ഉടമ്പടി Conservation on Biological Diversity (CBD, 1992), International Treaty on Plant Genetic Resources For Food and Agriculture (ITPGRFA, 2004) എന്നിവ സസ്യജനിതക വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും സംരക്ഷണത്തിനും ഉപയോഗ ഫലങ്ങളുടെ തുല്യവും നീതീപൂർവ്വകവുമായ പങ്കുവക്കലിനും വ്യവസ്ഥ ചെയ്യുന്നു. Agreement On Trade Related ASpects of Intellectual Property Rights (TRIPS, 1995), Union for the Protecteciton of New varieties of Plants (UPOV, 1961/91) എന്നിവയാകട്ടെ, സസ്യജനിതക വിഭവങ്ങളുടെ മേലുള്ള ബൗദ്ധിക സ്വത്തവകാശങ്ങളെ സംരക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഈ നാല് ഉടമ്പടികൾ ഓരോന്നായി വിദശമായി നമ്മുക്കൊന്നു പഠിക്കാം.

പുതിയ വിത്തിനങ്ങളുടെ സുരക്ഷക്കുള്ള യൂനിയൻ (Union for the Protecteciton of New varieties of Plants)

സ്വിറ്റ്സർലാന്റിലെ ജനീവ ആസ്ഥാനമായ ഒരു സംഘടനയാണ് UPOV. ഫ്രഞ്ച് പേരായ Union Internationale pour la Protection des Obtentions Vegetables എന്നതിൽ നിന്നാണ് UPOVൻെറ പിറവി.1961ൽ പാരീസിലാണ് ഡജചരഢ കൺവെൻഷൻ നടന്നത്. 1968ൽ കൺവെൻഷനും 1991ൽ ഇതിലെ ഉടമ്പടികൾക്കും ചട്ടങ്ങൾക്കും നിയമപ്രാബല്യം വന്നു. 1972, '78, '91 എന്നീ വർഷങ്ങളിൽ പല ഭേദഗതികൾ വന്നിട്ടുമുണ്ട്.

പുതിയ ഇനങ്ങൾ ഉരത്തിരിച്ചെടുക്കുന്ന സസ്യപ്രജനനകർക്കുള്ള ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights IPR) ഉറപ്പുവരുത്തുന്ന നിർദ്ദേശങ്ങളാണ് (Plant Breeders Rights UPOV കൺവെൻഷൻ മുന്നോട്ടു വെച്ചത്. പുതിയ ഇനങ്ങൾ നിലനിൽക്കുന്ന ഇനങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കണം (വ്യത്യസ്തത അഥവ വ്യതിരിക്തത

Distinctiveness), പുതിയ ഇനങ്ങളിലെ എല്ലാ സസ്യങ്ങളും ഒരുപോലെയായിരിക്കണം. (GIX Uniformity); പുതിയ ഇനങ്ങളുടെ സ്വഭാവ വിശേഷങ്ങൾ നിലനിൽക്കുന്നവയായിരിക്കണം (ദൃഢത Stability) എന്നീ മൂന്ന് അടിസ്ഥാന തത്വങ്ങൾ കൂടാതെ, പുതിയ ഇനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അവ നിശ്ചിത കാലയളവിനു മുമ്പ് വിപണയിൽ ലഭ്യമായവ ആയിരിക്കരുതെന്നും UPOV കൺവെൻഷൻ നിർവ്വചനം നൽകിയിട്ടുണ്ട്.

UPOV കൗൺസിലിൽ ഇപ്പോൾ 71 അംഗരാജ്യങ്ങളുണ്ട്. ഇന്ത്യ അംഗമല്ല. World Intellectual Property Organizatio (WIPO)ൻെറ ഡയറക്ടർ ജനറലാണ് UPOVൻെറ സെക്രട്ടറി ജനറൽ.

(തുടരും)

# വനം-വന്യജീവി വകുപ്പ് മുളങ്കാടുകൾ വ്യാപിപ്പിക്കുന്നു

വനം-വന്യജീവി വകുപ്പ് കേരളത്തിൽ 431.92 ഹെക്ടറിൽ മുള നട്ടുപിടിപ്പിക്കുന്നു. 65 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി ദേശീയ വനവത്കരണ പരിപാടി, ബാംബു മിഷൻ എന്നിവയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. . ദേശീയ വനവത്കരണ പരിപാടിയിൽ മാത്രം സംസ്ഥാനത്ത് 12 വനം ഡിവിഷനുകളിലായി 392 ഹെക്ടറിലാണ് മുള നടുക.

മുളങ്കാടുകൾ കൂട്ടത്തോടെ പൂത്തും കാട്ടുതീ വീണും അപചയം സംഭവിച്ച പ്രദേശങ്ങളാണ് മുളം തൈകൾ നടുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. വനത്തിൽ നടാനുള്ള തൈകൾ വിവിധ നഴ്സറികളിൽ പാകമായി വരികയാണ്. മഴക്കാലം ആരംഭിക്കുന്നതോടെയായിരിക്കും തൈ നടീൽ. സൗത്ത് വയനാട് വനം ഡിവിഷനിലെ ചെതലയം റേഞ്ചിൽപ്പെട്ട പാതിരി വനത്തിൽ കഴിഞ്ഞ വർഷം 75 ഏക്കറിൽ മുള നടീൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇത് വിജയിച്ച സാഹചര്യത്തിലാണ് കൂടുതൽ പ്രദേശത്ത് മുള വച്ചുപിടിപ്പിക്കാൻ തീരുമാനമായത്. ചെതലയം റെയ്ഞ്ചിൽ മുള്ളൻകൊല്ലി, പുല്പള്ളി പഞ്ചായത്തുകളോടു ചേർന്നുള്ള പ്രദേശങ്ങളും കല്പറ്റ റേഞ്ചിൽ ബാണാസുര സാഗർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശവുമാണ് തൈ നടീലിനു തെരഞ്ഞെടുത്തിരിക്കുന്നത്. ഒരു ലക്ഷത്തോളം തൈകളാണ് ഇതിനായിതയാറാക്കുന്നത്. ചുടുകാറ്റിനെ പ്രതിരോധിക്കുന്ന ഹരിത ബെൽറ്റ് എന്ന നിലയിലാണ് പാതിരി വനത്തിൽ കൂടുതൽ പ്രദേശങ്ങളിൽ മുള നടുന്നതെന്ന് വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞു. ബാണാസുരസാഗർ അണയിലേക്കുള്ള മണ്ണൊലിപ്പ് തടയുക എന്ന ലക്ഷ്യവും മുള വളർത്തുന്നതിനു പിന്നിലുണ്ട്

